# GOVT. H S PERUMPAZHUTHOOR

ACADEMIC MASTER PLAN

2025-26

# ഗവ ഹൈസ്കൂൾ പെരുമ്പഴുതൂർ

## അക്കാദമിക മാസ്റ്റർ പ്ലാൻ (2025-26)

### ആമുഖം

നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ഗവണ്മെന്റ് സ്കൂളാണ് പെരുമ്പഴുതൂർ ഹൈസ്കൂൾ. സാമ്പത്തികമായും സാമൂഹികമായും വളരെ പിന്നോക്കം നിൽക്കുന്ന കൂലിപ്പണിക്കാരായ രക്ഷകർത്താക്കളുടെ കുട്ടികളാണ് ഇവിടെ പഠിക്കുന്നതിൽ ഭൂരിഭാഗവും. ഈ സ്കൂളിൽ പ്രീ- പ്രൈമറി മുതൽ 10 വരെയുള്ള ക്ലാസുകൾ ഉണ്ട്. സ്കൂളിന്റെ ചരിത്രം, ഭൗതിക സാഹചര്യങ്ങൾ, പുരോഗതിയിൽ ഉണ്ടായ മാറ്റം, മികവുകൾ, പി ടി എ യുടെ പ്രവർത്തനം, എസ് എസ് എൽ സി വിജയശതമാനം, അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം, സ്കൂളിന്റെ മറ്റ ഭൗതിക ആവശ്യങ്ങൾ എന്നിവ കണ്ടെത്തുന്നതിനും അവലോകനം ചെയ്ത് സ്കൂളിന് വേണ്ട സഹായം നൽകാനും ഈ പ്രൊജക്റ്റ് സഹായകമാകുന്നു.

### ചരിത്രം

ശ്രീ നാരായണഗുരു ദേവന്റെ സാന്നിധ്യം കൊണ്ട് പരിപാവനമായ അരുവിപ്പുറത്തിന്റെ സമീപ പ്രദേശമാണ് പെരുമ്പഴുതൂർ. പട്ടിണിപ്പാവങ്ങളുടെയും പിന്നോക്കക്കാരുടേയും കുട്ടികൾക്ക് വിദ്യ അഭ്യസിക്കാനുള്ള യാതൊരു സാഹചര്യവും ഇല്ലാതിരുന്ന കാലഘട്ടത്തിൽ സാമൂഹിക പരിഷ്കർത്താവായ ശ്രീ ഗോവിന്ദപിള്ള 1897-98 കാലഘട്ടത്തിൽ ഒരു കുടി പള്ളിക്കൂടം സ്ഥാപിച്ചു. അദ്ദേഹം തന്നെയായിരുന്നു ഈ വിദ്യാലയത്തിന്റെ മാനേജരും പ്രഥമാധ്യാപകനും. വിദ്യാലയത്തിന്റെ വികസനം സ്വപ്നം കണ്ട ശ്രീ ഗോവിന്ദപിള്ള ഒന്നരയേക്കറോളം ഭൂമി ഒരു രൂപ അർത്ഥം വച്ച് ഗവൺമെന്റിനു കൈമാറി. 1981 ൽ ഇത് ഹൈസ്കൂളായി ഉയർത്തി.

### ഭൗതിക ഘടകങ്ങൾ

2025-26 അധ്യയന വർഷത്തിൽ ആകെയുള്ള കുട്ടികളുടെ എണ്ണം 374 ആണ്. ഇതിൽ 208 ആൺകുട്ടികളും 166 പെൺകുട്ടികളുമാണ്. 2025-26 അധ്യയന വർഷത്തിൽ 9,10 ക്ലാസ്സുകളിലായി 123 കുട്ടികളാണ് ഉള്ളത്. ഇതിൽ 77 ആൺകുട്ടികളും 46 പെൺകുട്ടികളുമാണ് ഉള്ളത്.

പ്രഥമാധ്യാപികയായി ശ്രീമതി. ശ്രീലത ടീച്ചറും 20 അധ്യാപകരും ഒരു സ്പെഷ്യൽ അധ്യാപികയുമാണുള്ളത്. കൂടാതെ ആരോഗ്യ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പിൽ നിന്ന് ഒരു നേഴ്സും ഈ സ്കൂളിൽ പ്രവർത്തിക്കുന്നു.

കലാകായിക രംഗങ്ങളിലും ജില്ലാ കലോത്സവത്തിലും ശാസ്ത്ര- സാമൂഹ്യശാസ്ത്ര പ്രവർത്തിപരിചയ മേളകളിലും ഈ സ്കൂളിലെ ചുണക്കുട്ടികൾ തിളക്കമാർന്ന വിജയം കൈവരിക്കുന്നു. തുടർച്ചയായി നാലാം തവണയും 100% വിജയം കരസ്ഥമാക്കി എസ് എസ് എൽ സി കുട്ടികൾ സ്കൂളിന്റെ അഭിമാനമുയർത്തി. എസ് പി സി യുടെ നേതൃത്വത്തിൽ വളരെയധികം പ്രവർത്തനങ്ങൾ സ്കൂളിൽ കാര്യക്ഷമമായി നടക്കുന്നു.

നിലവിലുള്ള ക്ലാസ്സ്മുറികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്. കുട്ടികൾക്ക് കുടിവെള്ളത്തിനും കൈ കഴുകുന്നതിനും ഉള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. സാമൂഹികമായും സാമ്പത്തികമായും വളരെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളാണ് ഏറെപ്പേരും. അധ്യാപകരുടെയും രക്ഷിതാക്കളുടെയും നിരന്തരമായ പ്രോത്സാഹനവും താല്പര്യവും കൊണ്ട് പഠനനിലവാരം വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. എസ് എസ് എൽ സി ക്ക് തുടർച്ചയായി നാലാം വർഷവും 100% വിജയം കരസ്ഥമാക്കാൻ കഴിഞ്ഞത് ഇതിനു തെളിവാണ്.

സ്കൂളിലെ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനായി സ്കൂൾ പി ടി എ, അധ്യാപകർ, പൂർവ വിദ്യാർത്ഥികൾ, പ്രദേശത്തെ അഭ്യുദയകാംക്ഷികൾ, വ്യാപാര വ്യവസായ സ്ഥാപന ഉടമകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവരുടെ ഏകോപനപരമായ പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നു വരുന്നു.

സ്കൂൾ പരിസരത്തിൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തത്തോടെ ജൈവകൃഷി ചെയ്തു വരുന്നു. നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്ന സയൻസ് പാർക്ക്, ജൈവവൈവിധ്യ ഉദ്യാനം എന്നിവ നിലവിലുണ്ട്. യു പി കമ്പ്യൂട്ടർ ലാബിന്റെ നവീകരണം നടക്കേണ്ടതുണ്ട്. കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി മെച്ചപ്പെട്ട രീതിയിൽ കരാട്ടെ ക്ലാസ് നൽകി വരുന്നു. ഭിന്നശേഷി കുട്ടികൾക്കായി സ്പെഷ്യൽ അധ്യാപികയുടെ സേവനം ലഭിക്കുന്നുണ്ട്. കാലപ്രവൃത്തി പരിചയ ക്ലാസ്സുകളും നൽകിവരുന്നു. ഭിന്നശേഷി കുട്ടികളുടെ പാഠ്യ- പഠ്യേതര നിലവാരം ഉയർത്തുന്നതിനായി പ്രത്യേക ക്ലാസ്സ്മുറി സജ്ജീകരിച്ചിട്ടുണ്ട്.

# STD – III

## മലയാളം

**ലക്ഷ്യങ്ങൾ :**

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും

- സംഘ പ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കും. അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി ഉപയോഗിക്കും.
- കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
- രചനകൾ ഭാവാത്മകമായി വായിക്കും
- ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ) , പഴഞ്ചൊല്ല് മുതലായവ ഹൃദ്യസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി ഉപയോഗിക്കുകയും ചെയ്യും.
- ലഘുവായ സർഗ്ഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി ചിത്രം )
- കഥകളും കവിതകളും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും. (വിവരണം, സംഭാഷണം )

ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ

ജൂൺ – ജൂലൈ

കനകചിലങ്ക

നാടൻ പാട്ടുകൾ ശേഖരണം ( വായ്ത്താരികൾ ഉള്ളത്)
പഴഞ്ചൊല്ലുകൾ ശേഖരണം
കഥാശേഖരം, ക്ലാസ് ലൈബ്രറി നവീകരണം നാട്ടുകഥകൾ
നാടൻപാട്ടിലേയും കവിതയിലേയും താളം
കവിത ചൊല്ലൽ, ശില്പശാല
കഥോൽസവം (നാടൻ കഥകളുടെ അവതരണ ശില്പശാല)

കടങ്കഥകൾ ശേഖരണം കടങ്കഥ പാട്ടുകൾ, കടങ്കഥ പതിപ്പ്, കടങ്കഥ

പയറ്റ്
കലയിലെ കേമൻ, കലാകാരനെ പരിചയപ്പെടാം അഭിമുഖ സംഭാഷണം
കലാരൂപങ്ങൾ വേഷവിധാനം ചിത്രശേഖരണം
ആൽബം
പാവനാടകത്തെ അടുത്തറിയാം ശില്പശാല

ആഗസ്റ്റ് – സെപ്തംബർ
2 പലഹാര പൊതി
കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ
ക്ലാസ് ലൈബ്രറിയിൽ കുട്ടികഥകൾ ഒരുക്കിവയ്ക്കൽ
നാടക ശില്പശാല
റോൾ പ്ലേ അവതരണങ്ങൾ
ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം
പലഹാര മേള – പാചക കുറിപ്പ് തയ്യാറാക്കൽ
കത്തുകൾ മാതൃകകൾ
ഹരിത കർമ്മസേന അംഗങ്ങളുമായി അഭിമുഖം
സ്കൂൾ പത്രം
വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ

സി പി ടി ഐ ഒന്നാം മികവുത്സവം
നാടോടി കഥകളുടെ അവതരണം
നാടൻ പാട്ടുകളുടെ അവതരണം
പാവനാടകം അവതരണം

# പരിസരപഠനം

**ലക്ഷ്യം 1**

പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തിയെടുക്കുക. ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക.

| മാസം | പ്രവർത്തനം |
|---|---|
| ജൂൺ – ഒക്ടോബർ | പ്രകൃതി നടത്തം<br>ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം, ജീവികളുടെ പ്രത്യേകതകൾ മനസ്സിലാക്കാം വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം. ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച ചെയ്ത് നമുക്ക ചുറ്റുപാടുമുള്ള മലിനീകരണപ്രശ്നം അനുഭവിച്ചറിയാം സ്വയം തിരുത്താം. (ഫീൽഡ് ട്രിപ്പ്) പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ പല ഇടപെടലുകൾ മനസ്സിലാക്കാം. ഡോക്കുമെന്ററി പ്രദർശനം ചർച്ച– തെറ്റും ശരിയും. |
| ജൂൺ – മാർച്ച് | പൂന്തോട്ടം ഒരുക്കാം<br>സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ<br>ഒരു തൈ നടാം |
| ജൂൺ – മാർച്ച് | സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ |
| ജൂൺ | പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷതൈ നടീൽ<br><br>നട്ട വൃക്ഷതൈ പരിപാലിക്കൽ പോസ്റ്റർ നിർമ്മാണം പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ പരിസരങ്ങളിൽ പതിക്കൽ |
| മാർച്ച് – മേയ് | ദാഹജലം<br>പൂന്തോട്ടത്തിൽ വേനൽകാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം |

**ലക്ഷ്യം 2**

കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക

| മാസം | പ്രവർത്തനം |
|---|---|
| ജൂൺ – മാർച്ച് | ദിനകൃത്യങ്ങൾ<br>ഓരോ ദിവസവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br><br>കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധനാ ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. |
| ജൂലൈ – മാർച്ച് | നമ്പർ വൺ<br>ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>വ്യക്തി ശുചിത്വം ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു |
| ജൂൺ – ഡിസംബർ | പരിസര നടത്തം<br>നമ്മുടെപരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം<br>സർവ്വേ – മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. |
| ജൂലൈ – മാർച്ച് | നല്ലശീലം<br>പോസ്റ്റർ തയ്യാറാക്കാം |

**ലക്ഷ്യം 3**

ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക.

| മാസം | പ്രവർത്തനം |
|---|---|
| ജനുവരി – മാർച്ച് | നമ്മുടെ നാടിനെയും പരിസ്ഥിതിയെയും അടുത്തറിയാനായി ഫിൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. ( കുളം, വയൽ,കാട് ) |
| ഡിസംബർ – ഫെബ്രുവരി | പരീക്ഷണങ്ങൾ<br><br>ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. |
| ഒക്ടോബർ | മനുഷ്യന്റെ കൈകൾ<br><br>കൃഷിയിടം സന്ദർശനം<br><br>കൃഷിപാട്ടുകൾ, കൃഷി ചൊല്ലുകൾ, അവതരണം<br><br>കുട്ടിക്കളികൾ – കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം പതിപ്പ് നാടൻ പാട്ട് ശില്പശാല |

**ഗണിതം**

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം

പ്രവർത്തനങ്ങളെ കളികളായും സർഗ്ഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്തുകൊണ്ടാണ് ഗണിത പഠനം മൂന്നാം ക്ലാസിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താല്പര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തി ചിന്ത വിശകലനാത്മക ചിന്ത പ്രശ്ന പരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകരമാണ്.

അമൂർത്തമായ ആശയങ്ങൾ കൈകാര്യം ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ് സ്ഥലപരവും ദിശാപരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യാമിതി വളരെ പ്രധാന പങ്കു വഹിക്കുന്നുണ്ട്.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക. വായിക്കുക, എഴുതുക ശേഷികൾ എന്നീ നേടാനും നിത്യജീവിതത്തിൻറെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസിലെ ഗണിത പഠനം ലക്ഷ്യംവെക്കുന്നു.

നിത്യ ജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർദ്ധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാന വിലയ്ക്കനുസരിച്ച് പിരിച്ചെഴുതി സങ്കലന ക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു. മന ഗണിതത്തിനു പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെൻറീമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ, ടാപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാൻ ഉള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്. ഇരു യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട്. അളവുകൾ ഉപയോഗിച്ച് ഊഹിച്ച് പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക

പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു. ഗുണന ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ജൂൺ –ജൂലായ്

യൂണിറ്റ് –1 രൂപങ്ങൾ വരയ്ക്കാം

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ, ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ തോരണം നിർമ്മാണം, വെജിറ്റബിൾ പ്രിന്റിംഗ് ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്തു വെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

ജൂലായ് – ആഗസ്റ്റ്

ഓരോ കുട്ടികൾക്കും കണക്കുപെട്ടി ഗണിത ശിൽപശാല നിർമ്മിക്കേണ്ടതിന്

1–100 വരെ എഴുതിയ ടോക്കൺ കളിനോട്ടുകൾ ഓരോ നോട്ടുകളും 10 എണ്ണം വീതം

കമ്പ് കെട്ടുകൾ സംഖ്യാ സ്ലിപ്പുകൾ

അബാക്കസ് നിർമ്മാണം

ആഗസ്ത് –സെപ്തംബർ

പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം

ഒക്ടോബർ

സ്കെയിൽ നിർമ്മാണം

കുട്ടികളുടെ ഉയരം, വണ്ണം തൂക്കം കുറവ്

നവംബർ – ഡിസംബർ

ഗുണന വസ്തുത കാർഡ് നിർമ്മാണം